**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1541** **12-02-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ എച്ച്.ആർ.എം.എസ്. പ്രകാരമുള്ള സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ ട്രാൻസ്ഫർ-എച്ച്.ആർ.എം.എസ്. 2025 നടപ്പിൽ വരുത്തുന്നതിനായി നാളിത് വരെ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചു; വിശദമാക്കാമോ; | (എ) | 2025ലെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിലേക്കായി എച്ച്.ആർ.എം.എസ് മൊഡ്യൂളിന്റെ പുതിയ വെർഷൻ തയ്യാറാക്കി ട്രയൽ റൺ നടത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി 28 പ്രാബല്യത്തിൽ ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും, പൊതുസ്ഥലംമാറ്റത്തിന്റെ പുതുക്കിയ സമയക്രമം പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | എച്ച്.ആർ.എം.എസ്. പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ നിന്നും മറ്റ ജില്ലകളിൽ നിയമനം കിട്ടിയ എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ വിവിധ റവന്യൂ ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കാമോ; | (ബി) | എച്ച്.ആർ.എം.എസ് പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ നിന്നും മറ്റ ജില്ലകളിൽ വിവിധ തസ്തികകളിലായി നിയമനം ലഭിച്ച 17 പേർ ജോലിക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നുണ്ട്. അപ്രകാരം തിരുവനന്തപുരം ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. തൃശ്ശൂർ ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ആരുംതന്നെയില്ല. |
| (സി) | തെക്കൻ ജില്ലകളിൽ നിന്നും എച്ച്.ആർ.എം.എസ്. പ്രകാരം സ്ഥലം മാറ്റപ്പെടുന്നവർ തിരിച്ച് സ്വന്തം സ്റ്റേഷനിൽ എത്തുന്നതിനുള്ള മുൻഗണനാ മാനദണ്ഡമായി പരിഗണിക്കുന്നത് വിദൂര ജില്ലകളിലേക്ക് (കാസറഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്) ലഭിച്ച സ്ഥലം മാറ്റം, സിനിയോറിറ്റി ഇവയിലേതാണെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുസ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം കേഡർ സീനിയോറിറ്റി, സ്റ്റേഷൻ സീനിയോറിറ്റി എന്നിവയാണ് മുൻഗണനാ മാനദണ്ഡങ്ങളായി പരിഗണിക്കുന്നത്. |
| (ഡി) | എച്ച്.ആർ.എം.എസ്. പ്രകാരമുള്ള സ്ഥലം മാറ്റം എല്ലാ ജീവനക്കാർക്കും ബാധകമാണെന്ന് ഇത് സംബന്ധിച്ച ഉത്തരവിൽ പറയുമ്പോഴും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് എന്നിവർക്ക് ജില്ലാതലത്തിലുള്ള ട്രാൻസ്ഫർ പോലും | (ഡി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-161/2024 നമ്പർ കേസിലെ 11.11.2024 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വി.എഫ്.എ തസ്തികയിലെ ജീവനക്കാരുടെ എച്ച്.ആർ.എം.എസ് മുഖേനയുള്ള |

| | | | |
|---|---|---|---|
| | നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | പൊതുസ്ഥലമാറ്റം 2025 മെയ് മാസത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. കൂടാതെ വില്ലേജ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരെ കൂടി എച്ച്.ആർ.എം.എസ് ഓൺലൈൻ ട്രാൻസ്ഫർ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | മുൻ എച്ച്.ആർ.എം.എസ്, നടപടിക്രമ പ്രകാരം നിലവിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള സീനിയർ ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസർ /റവന്യൂ ഇൻസ്പെക്ടർ, ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ; | (ഇ) | 2023 ലെ എച്ച്.ആർ.എം.എസ് നടപടിക്രമ പ്രകാരം നിലവിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ യു.ഡി.സി/എസ്.വി.ഒ./സീനിയർ ക്ലർക്ക്, വില്ലേജ് ഓഫീസർ/ആർ.ഐ/എച്ച്.സി, ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ എച്ച്.ആർ.എം.എസ്, വഴിയുള്ള ട്രാൻസ്ഫർ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | (എഫ്) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ എച്ച്.ആർ.എം.എസ് മൊഡ്യൂളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1 : തിരുവനന്തപുരം ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ.**

| **ക്രമ നം.** | **പേര്** | **തസ്തിക** | **ലാവണം നിലനിൽക്കുന്ന ജില്ല** | **നിലവിൽ ജോലി ചെയ്യുന്നത്** |
|---|---|---|---|---|
| 1 | നുഷറത്ത് ബീവി | സീനിയർ ക്ലർക്ക് | കോട്ടയം | ILDM |
| 2 | ഹനീഷ് കെ. | സീനിയർ ക്ലർക്ക് | പത്തനംതിട്ട | IT CELL, തിരുവനന്തപുരം |
| 3 | സജീവ് ആർ.എസ്. | സീനിയർ ക്ലർക്ക് | ഇടുക്കി | ILDM, CALL CENTRE |
| 4 | ദിനേശ് | ജൂനിയർ സൂപ്രണ്ട് | പാലക്കാട് എൽ.എ | IT CELL, തിരുവനന്തപുരം |
| 5 | സോയ മോൾ | ആർ.ഐ | കണ്ണൂർ | ILDM |
| 6 | രമ്യ എസ്. | യു.ഡി. ടൈപ്പിസ്റ്റ് | ഇടുക്കി | IT CELL തിരുവനന്തപുരം |
| 7 | രാധിക ആർ | യു.ഡി ടൈപ്പിസ്റ്റ് | ഇടുക്കി | IT CELL തിരുവനന്തപുരം |
| 8 | സജീർ മുഹമ്മദ് | ആർ.ഐ | പാലക്കാട് | ILDM CALL CENTRE |
| 9 | അജിത് എ.കെ | സീനിയർ ക്ലർക്ക് | ഇടുക്കി | ഡി.എം.കണ്ട്രോൾ റൂം |
| 10 | ചന്ദ്രബാബു എസ്. | ജൂനിയർ സൂപ്രണ്ട് | ഇടുക്കി | ILDM |
| 11 | അശ്വതി എസ്. | സീനിയർ ക്ലർക്ക് | ഇടുക്കി | ILDM |
| 12 | സീമ എച്ച്. ജി | സീനിയർ ക്ലർക്ക് | ഇടുക്കി | ILDM |
| 13 | കവിത വി | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ഇടുക്കി | ILDM |
| 14 | രമേശ് ആർ | ജൂനിയർ സൂപ്രണ്ട് | പാലക്കാട് | MANUEL CELL |
| 15 | ബൈജു വി.എസ് | സീനിയർ ക്ലർക്ക് | ഇടുക്കി | ഡി.എം.കണ്ട്രോൾ റൂം |
| 16 | പ്രശാന്ത് റ്റി.ആർ | ജൂനിയർ സൂപ്രണ്ട് | മലപ്പുറം | IT CELL, തിരുവനന്തപുരം |
| 17 | വഹീദ കായിക്കര | സീനിയർ ക്ലർക്ക് | വയനാട് | IT CELL, തിരുവനന്തപുരം |

**അനുബന്ധം – 2 : കാസറഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ സേവനമനുഷ്ഠിച്ചുവരുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ജീവനക്കാരുടെ വിവരങ്ങൾ.**

**കാസറഗോഡ്**

| | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ |
|---|---|---|---|
| സീനിയർ ക്ലർക്ക്/എസ്.വി.ഒ/യു.ഡി.സി | 8 | 4 | 7 |
| വില്ലേജ് ഓഫീസർ/ആർ.ഐ/എച്ച്.സി | 11 | 4 | 1 |
| ഡെ. തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | 4 | 2 | 1 |

**കണ്ണൂർ**

| | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ |
|---|---|---|---|
| സീനിയർ ക്ലർക്ക്/എസ്.വി.ഒ/യു.ഡി.സി | 1 | Nil | Nil |
| വില്ലേജ് ഓഫീസർ/ആർ.ഐ/എച്ച്.സി | 10 | 6 | 6 |
| ഡെ. തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | Nil | Nil | 2 |

**മലപ്പുറം**

| | തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ |
|---|---|---|---|
| സീനിയർ ക്ലർക്ക്/എസ്.വി.ഒ/യു.ഡി.സി | 16 | 9 | 11 |
| വില്ലേജ് ഓഫീസർ/ആർ.ഐ/എച്ച്.സി | 5 | 12 | 17 |
| ഡെ. തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് | 11 | 2 | 3 |